നിർദ്ദേശങ്ങളൊക്കെ സമർപ്പിച്ചിട്ടുള്ളതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഏതായാലും അത് അവർക്ക് മെച്ചമാണെങ്കിൽ പെൻഷൻകാർക്ക് മെച്ചപ്പെട്ട കാര്യം ചെയ്യണമെന്ന ആഗ്രഹമുണ്ട്. ആ റിപ്പോർട്ട് കിട്ടിയതിനുശേഷം ഒരു തീരുമാനമെടുക്കാം. അപ്പോഴും പിന്നീട് ഒരാവശ്യവും മുന്നോട്ട് വയ്ക്കേണ്ടിവരില്ല. രണ്ടു സർവ്വീസുകളിലേയും പെൻഷൻകാരുണ്ട്. അതുകൊണ്ട് സെൻട്രൽ പെൻഷനും കൂടിയറിഞ്ഞിട്ട് അവസാന തീരുമാനമെടുക്കാം. അവരുടെ കാര്യത്തിൽ ഈ ഗവൺമെൻറ് വളരെ താൽപ്പര്യപൂർവ്വം പ്രവർത്തിക്കും.

9. കേരളാ യൂണിവേഴ്സിറ്റിയുടെ പ്രീഡിഗ്രി പരീക്ഷാഫലം

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, കഴിഞ്ഞ ഏപ്രിൽ മാസത്തിൽ നടത്തിയ പ്രീഡിഗ്രി പരീക്ഷയുടെ ഫലങ്ങൾ പല ഗഡുക്കളായിട്ടാണ് കേരളസർവ്വകലാശാല പ്രസിദ്ധപ്പെടുത്തിയത്. ജൂലൈ 1-ാം തീയതി ഫലം പ്രഖ്യാപിച്ചതനുസരിച്ച് എഴുപതിനായിരത്തിൽപ്പരം പേർ തോറ്റു. തോറ്റ വിദ്യാർത്ഥികളിൽ പിന്നീട് 5826 പേർ വിജയിച്ചതായും പ്രഖ്യാപിച്ചു. അതിൽ 123 പേർ പിന്നീട് തോറ്റതായിട്ടും വന്നു. അങ്ങനെ പുനഃപരിശോധനയുടെ ഒരാഴ്ചയ്ക്കുമുമ്പ് കണ്ടുപിടിച്ചിട്ടുള്ളത് തോറ്റ വിദ്യാർത്ഥികളിൽ 1082 പേർകൂടി പിന്നീട് ജയിച്ചതായിട്ടാണ്. ഇതു കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്ങനെ പതിനയ്യായിരത്തിൽ പരം വിദ്യാർത്ഥികളുടെ റിസൽറ്റിൽ മാറ്റമുണ്ടായതായി റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. എന്താണ് ഇതിൻറെയൊക്കെ അർത്ഥം ? ഇനി എത്രപേർ ജയിക്കാനുണ്ട് എത്രപേർ തോൽക്കും ? എന്താണ് പ്രീഡിഗ്രി പരീക്ഷാഫലങ്ങളെ സംബന്ധിച്ചുള്ള യാഥാർത്ഥ്യമെന്ന് സർവ്വകലാശാലയ്ക്ക് അറിയാമോ ? സർക്കാരിന് അറിയാമോ ? വിദ്യാഭ്യാസമന്ത്രിക്ക് അറിയാമോ ? ദുർവ്വാശി കാണിച്ചു ബദൽസംവിധാനമുണ്ടാക്കി തോന്നിയവരെക്കൊണ്ടൊക്കെ ടാബുലേഷൻ നടത്തുകയും റീവാലുവേഷൻ നടത്തുകയും ചെയ്തതുകൊണ്ടാണ് ഇതൊക്കെ സംഭവിച്ചത്. സിൻഡിക്കേറ്റിനെ സസ്പെൻറ് ചെയ്തുകൊണ്ട് ബദൽസംവിധാനത്തിൻറെ പേരിൽ സർക്കാർ ഖജനാവ് ധൂർത്തടിക്കുകയും ചെയ്തിട്ടും സംഭവിച്ചത് ഇങ്ങനെയാണ്. പ്രീഡിഗ്രി ഫലങ്ങളെക്കുറിച്ചു വിദ്യാഭ്യാസമന്ത്രി സഭയുടെ മുമ്പിലവതരിപ്പിച്ച കണക്കുകൾ അവാസ്തവങ്ങളായിരുന്നു. സത്യവിരുദ്ധങ്ങളായിരുന്നു. പച്ചക്കള്ളങ്ങളായിരുന്നു. അസത്യങ്ങളായിരുന്നു. സഭയേയും ജനങ്ങളേയും ഈ മന്ത്രി തെറ്റിദ്ധരിപ്പിച്ചു. വഞ്ചിച്ചു. പ്രീഡിഗ്രി പരീക്ഷയ്ക്ക് കേരളസർവ്വകലാശാലയിൽ എൺപത്തൊമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയൊന്നു പേർ പരീക്ഷയെഴുതി. പത്തൊമ്പതിനായിരത്തി നാനൂറ്റിയിരുപത്തിരണ്ട് പേർ പാസ്സായി. വിജയം 21.6 ശതമാനമെന്നായിരുന്നു ബഹുമാനപ്പെട്ട മന്ത്രി ജൂലൈ 2-ന് ഈ സഭയിൽ പ്രസ്താവിച്ചത്. ഇന്നലെ ഗൗരിയമ്മയുടെ ചോദ്യത്തിന് നൽകിയ മറുപടിയിൽ പറഞ്ഞതെന്താണ് ? 21694 പേർ ജയിച്ചു എന്നാണ് പറഞ്ഞത്. എന്നാൽ ആഗസ്റ്റ് 21-ാം തീയതിയിലെ അൺസ്റ്റാർഡ് കവസ്റ്റ്യനിൽ കേരളസർവകലാശാലയുടെ പ്രീഡിഗ്രി റിസൽറ്റ് ബുക്കിൽ ജയിച്ച വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ കാണിച്ചിട്ടുണ്ട്. ആ നമ്പറുകൾ എണ്ണിനോക്കിയാൽ മന്ത്രിയുടെ കണക്കുകൾ തെറ്റാണെന്നു കാണാം. റിസൽറ്റുബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള നമ്പറുകളുടെ എണ്ണത്തിൻറെ അടിസ്ഥാനത്തിൽ പരീക്ഷയിൽ പാസ്സായ കുട്ടികളുടെ എണ്ണം 8491 ആണ്. അതായത് വിജയശതമാനം 9.44. 21 ശതമാനമല്ല. അതാണ് കണക്ക്. കള്ളക്കണക്കാണ് നേരത്തെ പറഞ്ഞത്. റിസൽറ്റ് ബുക്കിൽത്തന്നെ 1107 കുട്ടികളുടെ ഫലം പിന്നീട് പ്രഖ്യാപിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഔദ്യോഗികമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരാളുടേതു തടഞ്ഞുവച്ചിരിക്കുകയാണ്. പരീക്ഷയിൽ ജയിച്ച 8491-ൽ മൊത്തം തടഞ്ഞുവച്ച 1108 കുട്ടികളുടെ ഫലം കഴിച്ചാൽ 80372 കുട്ടികളും യഥാർത്ഥത്തിൽ പരാജയപ്പെട്ടതായിട്ടാണ് പ്രഖ്യാപനം. ജൂലൈ 2-ന് മന്ത്രി പറഞ്ഞത് 21.6 ശതമാനം ജയിച്ചുവെന്നാണ്. എഴുപതിനായിരത്തിൽപ്പരം തോറ്റുവെന്നാണ്. ഞാൻ പറഞ്ഞത് റിസൽറ്റ് ബുക്കിലെ നമ്പറുകളുടെ അടിസ്ഥാനത്തിലുള്ള കേവലവസ്തുതകളാണ്. ആ റിസൽറ്റ് ബുക്ക് മേശപ്പുറത്തു വയ്ക്കാമോയെന്നാണ് ഞാൻ മന്ത്രിയെ വെല്ലുവിളിക്കുന്നത് ?

സർ, സഭയിൽ മന്ത്രി ഇത്തരം അസത്യങ്ങളും പറയാൻ പാടില്ല. പണി മുടക്കിനുശേഷം സ്ഥിരം ജീവനക്കാർ നടത്തിയ റീടാബുലേഷനിൽ 7119 പേർ വിജയിച്ചതായി കണ്ടിരിക്കുന്നു. ജയിച്ചതായി ജൂലൈ ഒന്നിന് പ്രഖ്യാപിച്ച 102 പേർ തോറ്റതായും കണ്ടിരിക്കുന്നു. 7,067 കുട്ടികളുടെ മാർക്കിൽ വ്യത്യാസമുള്ളതായും കണ്ടിരിക്കുന്നു. 1700-ഓളം കുട്ടികളുടെ ഉത്തരക്കടലാസുകളും ഇപ്പോഴും മാത്രമാണ് വാല്യുവേഷനു അയച്ചിരിക്കുന്നത്. ജൂലൈ ഒന്നിലെ ഫലപ്രഖ്യാപനം അനുസരിച്ച് 8491-ം രണ്ടാം ഗഡുവായി പരീക്ഷാസെന്ററുകളിലേക്ക് അയച്ച വിജയികളുടെ ലിസ്റ്റ് അനുസരിച്ച് 6459-ഉം ഉൾപ്പെടെ 14946 കുട്ടികളും മാത്രം ജയിച്ചിരിക്കെ ജൂലൈ രണ്ടിന് മന്ത്രി പറഞ്ഞു 19,422 കുട്ടികളും ജയിച്ചു എന്ന്. 14,946 കുട്ടികളും മാത്രം ജയിച്ചിരിക്കേ 19,422 കുട്ടികളും ജയിച്ചു എന്ന് പറഞ്ഞു. പിന്നീടുള്ള വാലുവേഷനിൽ 7119 പേർ കൂടി ജയിച്ചിട്ടുണ്ട്. എത്ര പേർ ജയിച്ചു എത്ര പേർ തോറ്റു എന്നു ഇപ്പോഴും തിട്ടമില്ല. അതു മാത്രമല്ല. റാങ്കുകളും കീഴ്മേൽ മറിഞ്ഞിരിക്കുകയാണ്. ആർട്സ് സബ്ജക്ടിൽ അനിത, സരിത, ശാന്ത എന്നീ കുട്ടികൾക്കാണ് റാങ്ക്. ഈ ഒന്നും രണ്ടും മൂന്നും റാങ്കുകാർ ആലുസെയിൻറ്സ് കോളേജ് വിദ്യാർത്ഥികളാണ്. ആർട്സ് സബ്ജക്ടിൽ ഈ മൂന്നു റാങ്കുകളും നഷ്ടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് റാങ്ക് പുനർനിർണ്ണയം ചെയ്യേണ്ടി വരും അക്കാര്യം ഉറപ്പാണ്. മറെറാരു വസ്തുത ഈ റിസൽറ്റ് മൊത്തത്തിൽ ഇൻവാലിഡേറ്റ് ചെയ്യപ്പെടാൻ ഇടയുണ്ടെന്നതാണ്. യൂണിവേഴ്സിറ്റിയുടെ 1978-ലെ ഫസ്റ്റ് ഓർഡിനൻസ് പ്രകാരമല്ല റിസൽറ്റ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. ഫസ്റ്റ് ഓർഡിനൻസ് പ്രകാരം സബ്ജക്ട് ബോർഡുകളും അംഗീകരിച്ച് സിൻഡിക്കേറ്റ് അപ്രൂവ് ചെയ്തതിനുശേഷമേ റിസൽറ്റ് പ്രസിദ്ധപ്പെടുത്താൻ പാടുള്ളൂ. ഇവിടെ സബ്ജക്ട് ബോർഡുകളും റിസൽറ്റ് അംഗീകരിച്ചിട്ടില്ല. 1978-ലെ ഓർഡിനൻസിൻെറ വയലേഷൻസ് ആണ് നടന്നത്. അതുകൊണ്ട് ഈ റിസൽറ്റ് പ്രഖ്യാപനം നിയമപരമായിത്തന്നെ നിലനിൽക്കാൻ പോകുന്നില്ല. ലീഗലായിട്ട് നിലനിൽക്കാൻ പോകുന്നില്ല. ഇത് ഫ്രാഡുലൻറ് ആണ്. ഫ്രാഡുലൻറ് എന്നു പറഞ്ഞാൽ 'കള്ളം' ആണെന്നാണ്. ഇത് കാപട്യമാണെന്ന് കോടതിക്ക് പ്രഖ്യാപിക്കാവുന്നതാണ്. അങ്ങനെ ലീഗലായിട്ട് നിലനിൽക്കില്ല. അങ്ങനെ ആകെപ്പാടെ പ്രീഡിഗ്രി ഫലങ്ങളും ആകെ താറുമാറായിരിക്കുകയാണ്.

സഹകരണ മേഖലക്ക് വിദ്യാഭ്യാസത്തെ തീറെഴുതാൻ കച്ചകെട്ടിയിറങ്ങിയ ഈ മന്ത്രി വിദ്യാഭ്യാസ രംഗത്തു കുളംതോണ്ടിയിരിക്കുകയാണ്. പ്രീഡിഗ്രി ഫലങ്ങളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ പോകുന്നുവെന്നാണ് കേൾക്കുന്നത്. മന്ത്രിക്ക് യൂണിവേഴ്സിറ്റിയിലെ എക്സ്ക്യൂട്ടീവ് ഓഫീസർമാരുടേയും ജീവനക്കാരുടേയും മേൽ പഴിചാരി സ്വയം രക്ഷപ്പെടാനാണ് ജുഡീഷ്യൽ അന്വേഷണം. കഴിഞ്ഞ ജൂൺ മാസം ജീവനക്കാർ നടത്തിയ സമരത്തെ പരാജയപ്പെടുത്താൻ മന്ത്രി കൈക്കൊണ്ട നടപടികളുടെ ഫലമാണ് ഫലപ്രഖ്യാപനത്തിലെ തകരാറുകൾക്ക് കാരണമായത്.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ഏർപ്പെടുത്തിയ ബദൽ സംവിധാനത്തിലെ സാമ്പത്തിക അഴിമതിയെക്കുറിച്ചും ഫലപ്രഖ്യാപനങ്ങളിലെ തകരാറുകളെക്കുറിച്ചും അന്വേഷിക്കാൻ സിൻഡിക്കേറ്റ് രണ്ടുകമ്മിറ്റികളെ നിയമിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനം തടയാനും സത്യം ഒരിക്കലും വെളിച്ചത്തുവരാതിരിക്കാനുമാണ് ഇപ്പോൾ ജൂഡീഷ്യൽ അന്വേഷണവുമായി വന്നിരിക്കുന്നത്.

സർ, ആയിരക്കണക്കിന് വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും കണ്ണീര് കുടിപ്പിച്ച് അവരെ ബലിയാടുകളാക്കി ഈ കേസിലെ ഒന്നാംപ്രതി ഇന്നത്തെ 'ഈ മന്ത്രി' യാണ്. ഇന്നത്തെ ദുസ്ഥിതിക്ക് പൂർണ്ണമായും ഉത്തരവാദി ഈ മന്ത്രിയാണ്. ദുർവാശിയും അധികാര ദുർവിനിയോഗവും നടത്തിയ ഈ മന്ത്രിയാണ് വിദ്യാഭ്യാസരംഗത്തെ ഇന്നത്തെ തകരാറുകൾക്കെല്ലാം കാരണക്കാരൻ. 'ഞാൻ ഭരിച്ചാലും ഭരുമോ എന്ന് നോക്കട്ടെയെന്നു പറഞ്ഞു അധികാര കൊതിനിമിത്തം നാടിനെ വഞ്ചിച്ച' 'ധർമ്മരാജായിലെ ചന്ത്രക്കാരനെ' പ്പോലെ വിദ്യാഭ്യാസവകുപ്പുമന്ത്രി ഭരിച്ചുഭരിച്ചു നാടിനേയും ജനങ്ങളേയും ഈ വകുപ്പിനേയും മുടിച്ചു തേച്ചുകഴുകി രക്ഷിതാക്കളേയും വിദ്യാർത്ഥികളേയും കണ്ണീരുകുടിപ്പിക്കുകയാണ് ഈ മന്ത്രി ചെയ്യുന്നത്. ഈ മന്ത്രിക്ക് അധികാരത്തിൽ തുടരാൻ അർഹതയില്ല. ഏതു അന്വേഷണമായാലും ഒന്നാംപ്രതിയായി ഈ മന്ത്രിയേയും രണ്ടും മൂന്നും പ്രതികളായി യൂണിവേഴ്സിറ്റി വൈസ്ചാൻസലർ, പ്രോ-വൈസ്ചാൻസലർ എന്നിവരേയും മാറ്റിനിർത്തിക്കൊണ്ടുമാത്രമേ അന്വേഷണം നീതിപൂർവ്വകമാവുകയുള്ളൂ. റോമൻ ചക്രവർത്തിയായിരുന്ന നീറോ ജീവിതകാലത്തു ഒറ്റ നല്ല കാര്യമേ ചെയ്തിട്ടുള്ളൂ. അയാൾ ആത്മഹത്യ ചെയ്തു. അതായിരുന്നു ആ നല്ല കാര്യം. ഈ വിദ്യാഭ്യാസമന്ത്രിക്ക് ആകെ ചെയ്യാവുന്ന ഓരേയൊരു നല്ല കാര്യം രാജിവച്ച് പുറത്തുപോകുകയെന്നുള്ളതാണ്" എന്നു പറഞ്ഞുകൊണ്ട് ഞാൻ ഇത് അവസാനിപ്പിക്കുന്നു.

(ബഹളം)

മി. സ്പീക്കർ : ഈ പ്രശ്നത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടുതന്നെ പ്രതിപക്ഷനേതാവിന് സാവകാശം കൊടുത്തു. അദ്ദേഹം 15 മിനിറ്റോളം സംസാരിച്ചു. പറയാനുള്ളതു മുഴുവൻ പറഞ്ഞു. ഇനി മന്ത്രിക്ക് പറയാനുള്ളതുകൂടി കേൾക്കാനുള്ള ക്ഷമ കാണിക്കണം. അതാണ് ജനാധിപത്യ മര്യാദ.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം ജേക്കബ്) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ കുറെ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഈ സഭാവേദിയിൽത്തന്നെ പല സന്ദർഭങ്ങളിലായി അടിയന്തിരപ്രമേയമായിട്ടും ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളിലൂടെയും സബ്മിഷൻ വഴിയും ഈ വിഷയങ്ങൾ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞ പല കാര്യങ്ങളും നേരത്തെ സൂചിപ്പിച്ച കാര്യങ്ങളുടെ ആവർത്തനങ്ങളാണ്. എനിക്കു ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ പ്രീഡിഗ്രിബോർഡ് സമരകാലത്തു ഉണ്ടായ സംഭവത്തെത്തുടർന്ന് ഏർപ്പെടുത്തിയ ബദൽ സംവിധാനമാണ് ഈ കുഴപ്പങ്ങൾക്കെല്ലാം കാരണം എന്ന്. അദ്ദേഹം ആമുഖമായി സൂചിപ്പിക്കുകയുണ്ടായി. സഭയുടേയും പ്രതിപക്ഷനേതാവിന്റെയും ശ്രദ്ധയിൽ ഒരു കാര്യം പെടുത്തുവാനുള്ളത് ഈ ബദൽ സംവിധാനം കേരളയൂണിവേഴ്സിറ്റിയിൽ മാത്രമല്ല ഏർപ്പെടുത്തിയത്. കേരള-കാലിക്കറ്റ്-ഗാന്ധിജി ഈ മൂന്നു യൂണിവേഴ്സിറ്റികൾക്കും ഒരേ സംവിധാനംതന്നെ ഏർപ്പെടുത്തിക്കൊണ്ടാണ് റിസൽറ്റ് ഞങ്ങൾ പബ്ലിഷ് ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷൻ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളും ആവർത്തനവിരസമാകുമെന്നുള്ളതുകൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. ഒരു മാസക്കാലം നീണ്ടുനിന്ന 'Stay in Strike' സമരത്തെത്തുടർന്നു കേരളത്തിൽ പരീക്ഷയെഴുതിയിരിക്കുന്ന കുട്ടികളോട് നീതി പുലർത്തേണ്ടത് ഗവൺമെന്റിന്റെ ചുമതലയായതുകൊണ്ടാണ് ഗവൺമെന്റു ബദൽ സംവിധാനം ഏർപ്പെടുത്തിയത്. ആ ബദൽ സംവിധാനത്തിലെ കുഴപ്പമാണെങ്കിൽ എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ചോദിക്കുവാനുള്ളത് എന്തുകൊണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും ഗാന്ധിജി യൂണിവേഴ്സിറ്റിയിലും ഈ പരാതികളൊന്നും ഉണ്ടായിട്ടില്ല ? ഇപ്പോഴും പരാതിയുണ്ടായിരിക്കുന്നത് കേരള യൂണിവേഴ്സിറ്റിയുടെ പരീക്ഷാ പ്രസിദ്ധീകരണത്തെത്തുടർന്നാണ്. അപ്പോഴും എന്തെങ്കിലും പ്രശ്നങ്ങളൊക്കെ അതിൽ ഉണ്ടായിക്കാണും. ഞാൻ അതിലേക്ക് വരാം. അതിനുമുമ്പു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ച ഒരു കാര്യം ആദ്യം പറയാം. അദ്ധ്യക്ഷൻ പറഞ്ഞു ഇവിടെ റാങ്കുകൊടുക്കുന്നതിൽ വ്യത്യാസം വരാൻ പോകുന്നുവെന്ന്. ആ നിലയിൽ പത്രങ്ങളിൽ വാർത്തയും വന്നിട്ടുണ്ട്. അത് ശരിയായ ഒരു സംഗതിയല്ല.

കമേർസ്യൽ ജിയോഗ്രഫി, കമേർസ്യൽ കറസ്പോൻഡൻസ്, ബുക്ക് കീപ്പിംഗ്, ആൻറ് അക്കൗണ്ടൻസി എന്നീ വിഷയങ്ങളും ചേർന്ന ഗ്രൂപ്പ് മാത്രമാണ് പ്യൂവർ കമേർസ് ആയി പരിഗണിച്ചിട്ടുള്ളത്. നമ്മുടെ യൂണിവേഴ്സിറ്റി റഗുലേഷൻ അനുശാസിക്കുന്നതും പ്യൂവർ കോമേഴ്സ് ഞാൻ പറഞ്ഞ ഗ്രൂപ്പുകളും അടങ്ങുന്നതാണ്. ആ പ്യൂവർ കോമേഴ്സിനുവേണ്ടിയിട്ടാണ് ഇപ്പോഴത്തെ റാങ്ക് നിശ്ചയിച്ച് പബ്ലിഷ് ചെയ്തിട്ടുള്ളത്. കോമേഴ്സിന്റെയും ആർട്സിന്റെയും സയൻസിന്റെയും പ്രത്യേകമായ റാങ്കുകളും നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ കൊല്ലങ്ങളിൽനിന്നും വിഭിന്നമായി പല സന്ദർഭങ്ങളിലും പല ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് രണ്ട് കോമേഴ്സ് സബ്ജക്ടുകളും ഒരു ആർട്സ് സബ്ജക്ടും ഉൾപ്പെടുന്ന വിഭാഗത്തെ ആർട്സ് ഗ്രൂപ്പായിട്ടാണ് കണക്കാക്കിയിരുന്നതെങ്കിൽത്തന്നെയും കോമേഴ്ഗ്രൂപ്പിന് നൽകിയിരിക്കുന്ന മോഡറേഷൻ മാർക്ക് ഉയിക്കുന്നതിനുവേണ്ടി മാത്രമായി രണ്ട് കോമേഴ്സ് വിഷയങ്ങളുംകൂടി എടുത്തിരിക്കുന്ന ആർട്സ് സബ്ജക്ടിലെ കുട്ടികൾക്കുകൂടി കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മോഡറേഷൻ ബോർഡ് എടുത്തിരിക്കുന്ന തീരുമാനമനുസരിച്ച് പന്ത്രണ്ട് മാർക്ക് രണ്ട് കൊമേഴ്സ് സബ്ജക്ടുകളും അടങ്ങുന്ന ആർട്സ് ഗ്രൂപ്പിന് കൂടി കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചാണ് മോഡറേഷൻ കൊടുത്തത്. ടാബുലേഷൻ നടന്ന അവസരത്തിൽത്തന്നെ ഡെപ്യൂട്ടി രജിസ്ട്രാർ ഇതിനാവശ്യമായ ഉത്തരവുകളും കൊടുക്കുകയും അതനുസരിച്ചുള്ള മോഡറേഷൻ നടപ്പിലാക്കുകയും ചെയ്തു. അടുത്ത സന്ദർഭത്തിൽ നിയമസഭയിൽ വന്ന ഇൻറർപ്പുലേഷന്റെ മറുപടിക്കുവേണ്ടി യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. ആ സന്ദർഭത്തിൽ സെക്ഷനിലുള്ള എംപ്ലോയീസ് തന്നെ ഇതിനെ സംബന്ധിച്ച് ക്ലാരിഫിക്കേഷൻ വേണമെന്ന് പറഞ്ഞു. ഇതിനത്ത് പ്യൂവർ കൊമേഴ്സ് ഗ്രൂപ്പ് എന്താണെന്നും, അതുപോലെ രണ്ട് കൊമേഴ്സ് സബ്ജക്ടുകളും അടങ്ങുന്ന ആർട്സ് ഗ്രൂപ്പിനു കൂടി അതേ മോഡറേഷൻ തന്നെ കൊടുക്കണമോ എന്നുള്ള കാര്യം കൺട്രോളറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, നേരത്തെ മോഡറേഷൻ ബോർഡ് തീരുമാനിച്ചിരുന്ന അതേ വസ്തുതകൾതന്നെ രണ്ടാമത് സർക്കുലർവഴി അറിയിക്കുക മാത്രമാണ് ചെയ്തിരുന്നത്. അതുകൊണ്ട് പ്യൂവർ കൊമേഴ്സ് സബ്ജക്ടിനെയും ആർട്സ് സബ്ജക്ടിനെയും ആധാരമാക്കി പുറത്ത് കൊണ്ടുവന്നിരിക്കുന്ന റാങ്കു

LIBRARY ARCHIVES Kerala Legislative Assembly

കളെ സംബന്ധിച്ച് യാതൊരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല, അതാണ് വസ്തുതകൾ.....(ബഹളം).....
ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങൾക്ക് ഞാൻ മറുപടി പറയുകയാണ്. അദ്ദേഹം പ്രസക്തമായി ചൂണ്ടിക്കാണിച്ച കാര്യവും അതായിരുന്നു. അതുകൊണ്ടാണ് ഞാൻ അതിന് മറുപടി പറഞ്ഞത്. മറ്റൊരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, സമീപകാലത്തായി ഇതിനെ സംബന്ധിച്ച് മുപ്പത്തിയാറോളം കേസ്സുകൾ ഹൈക്കോടതിയിൽ വന്നിട്ടുണ്ട്. ഹൈക്കോടതിതന്നെ ഇങ്ങനെ റിട്ട്പെറ്റീഷനുമായി ചെന്ന കുട്ടികളുടെ പരീക്ഷപേപ്പറുകൾ വരുത്തി പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. ഇതേവരെ ഒരു യൂണിവേഴ്സിറ്റി ചെയ്തിരിക്കുന്ന നടപടികളെ സംബന്ധിച്ച് അഡ്വേഴ്സായ ഒരു റിമാർക്കും ഹൈക്കോടതി ഈ മുപ്പത്തിയാറ് കേസ്സുകളിലും പറഞ്ഞിട്ടില്ല.

മറ്റൊരു റിട്ട്പെറ്റീഷൻകൂടി ഫയൽ ചെയ്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് സത്യവാങ്മൂലം യൂണിവേഴ്സിറ്റി ഫയൽ ചെയ്തിരിക്കുകയാണ്. അത് ജനറലായിട്ടുള്ള ഒരു കാര്യമാണ്. ഇതിന് അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള മറ്റൊരു റിട്ട്പെറ്റീഷനാണ്. അതിനെ സംബന്ധിച്ച് യൂണിവേഴ്സിറ്റിയുടെ കാര്യങ്ങൾ അവിടെ പറയുകയും ചെയ്തിട്ടുണ്ട്.

.....(ബഹളം).....

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞ മറ്റൊരു കാര്യം ഫിഗേഴ്സിനെ സംബന്ധിച്ചാണ്. ഇന്നലെ വിദ്യാഭ്യാസവകുപ്പിന്റെകൂടി കമ്മിറ്റ്മെന്റ് ആയിരുന്നു. അപ്പോൾ ശ്രീമതി കെ. ആർ. ഗൗരി ചോദിച്ച ഒരു അൺസ്റ്റാർഡ് കമ്മിറ്റ്മെന്റ് പറഞ്ഞ മറുപടിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന ആളാണ്. അങ്ങേയ്ക്കുമറിയാം, മന്ത്രിമാർ നൽകുന്ന മറുപടിയെന്ന് പറയുന്നത്, ഏത് പ്രശ്നത്തെ ആധാരമാക്കി ചോദ്യം ചോദിക്കുന്നുവോ അതുമായി ബന്ധപ്പെട്ട വകുപ്പുകൾ നൽകുന്ന ആധികാരികമായിട്ടുള്ള അഭിപ്രായങ്ങളാണ്, അതാണ് രേഖാമൂലം സഭയിൽ സമർപ്പിക്കുന്നത്.

.....(ബഹളം).....

ജൂലൈ ഒന്നാം തീയതിയും രണ്ടാം തീയതിയും പറഞ്ഞതും അതിനു ശേഷം ശ്രീ. കെ. പി. പ്രഭാകരന്റെ സബ്മിഷനും അടിയന്തിര പ്രമേയത്തിനും കാളിംഗ് അറ്റൻഷനുമൊക്കെ മറുപടിയായി ഈ സഭയിൽ പറഞ്ഞതുമായ കാര്യങ്ങളെല്ലാം യൂണിവേഴ്സിറ്റിയിൽനിന്ന് ഔദ്യോഗികമായി ഗവൺമെന്റിന് കിട്ടിയിട്ടുള്ള വസ്തുതകളാണ്. അതാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നത്. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സിറ്റിയുടെ ദൈനംദിന ഭരണത്തിൽ ഗവൺമെന്റ് ഇടപെട്ടല്ല കാര്യങ്ങൾ നടത്തുന്നത്. അവിടെനിന്നും യൂണിവേഴ്സിറ്റി അധികാരികൾ നൽകുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽമാത്രമെ നിയമസഭയിൽ ഞങ്ങൾക്ക് വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം ഞാൻ സഭയുടേയും അങ്ങയുടേയും ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. ഞാൻ ആദ്യം ഇവിടെ ബദൽസംവിധാനത്തെക്കുറിച്ച് പറഞ്ഞു. ബദൽസംവിധാനം കൊണ്ട് ടാബുലേഷൻ വർക്ക് നടത്തുന്നതിനെക്കുറിച്ച് ഞാൻ ഇവിടെ ഒരിക്കൽ പറഞ്ഞതാണ്. യൂണിവേഴ്സിറ്റിയുടെ ടാബുലേഷൻ നടത്തുന്നത് പരിചയമുള്ള ആളുകളാണ്. എസ്. എസ്.

LIBRARY ARCHIVES Kerala Legislative Assembly

എൽ. സി. പരീക്ഷയിൽ ടാബുലേഷൻ നടത്തി പരിചയമുള്ള ആളുകളെ യാണ് ഞങ്ങൾ ടാബുലേഷനുവേണ്ടി നിയോഗിച്ചത്. വളരെ സദുദ്ദേശത്തോടുകൂടി, കേരളത്തിലെ കുട്ടികളുടെ ഭാവിയെക്കരുതിയാണ് അങ്ങനെ ചെയ്തതെന്ന് എനിക്ക് ആത്മാർത്ഥമായി തറപ്പിച്ച് പറയാൻ കഴിയും. കേരളത്തിലെ അനേകായിരം കുട്ടികൾക്ക് ഈ സംവിധാനം ഏർപ്പെടുത്തി റിസൽട്ട് പബ്ലിഷ് ചെയ്തുകൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും കടന്നുപോകുകയും അവരുടെ വിദ്യാഭ്യാസം അനുസ്യൂതം നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

ഞാനൊരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. അത് കഴിഞ്ഞ ദിവസം കണ്ടുപിടിച്ച ഒരു സംഗതിയാണ്. പ്രീഡിഗ്രി പരീക്ഷയ്ക്ക് കുട്ടികൾക്ക് ഫാൾസ് നമ്പരാണ് ഇട്ടിരുന്നത്. ഒരേ ഫാൾസ് നമ്പർ തന്നെ രണ്ട് കുട്ടികൾക്ക് കൊടുത്ത എണ്ണൂറ് കേസ്സുകൾ യൂണിവേഴ്സിറ്റി കണ്ടുപിടിച്ചിട്ടുണ്ട്. അതുപോലെ സെൻറ് ജോസഫ് കോടതിയിൽ.....(ബഹളം).....
സഭയിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെ ആസ്പദമാക്കിയാണ് ഞാൻ മറുപടി പറയുന്നത്. സെൻറ് ജോസഫ് കോളേജിലെ പാർട്ട് III ഇംഗ്ലീഷിന് എഴുതിയ 186 ആൻസർ സ്ക്രിപ്റ്റുകൾ കൊല്ലത്ത് പാർട്ട് 1 ഇംഗ്ലീഷിന് ഇംപ്രൂവ്മെൻറ് പേപ്പറിൻെറ കൂട്ടത്തിൽ കണ്ടെടുക്കുകയുണ്ടായി. ഒരു കാരണവശാലും അങ്ങനെ പേപ്പർ മിക്സ് ചെയ്യേണ്ട ആവശ്യമില്ല. ഒരു മാസക്കാലം സ്റ്റേറയിൻ സ്ട്രൈക്ക് നടത്തിയ അവസരത്തിൽ അഡ്മിനിസ്ട്രേറീവ് ഓഫീസർ തന്നെ ക്യാമ്പ് ഓഫീസറായിട്ട് വർക്ക് ചെയ്തിരുന്നത്. ഒരു മാസക്കാലം നടന്ന പ്രക്രിയയെന്ന് പറയുന്നത്, ഈ റിസൾട്ട് അനൗൺസ് ചെയ്യിക്കാതിരിക്കാൻവേണ്ടി പല പേപ്പറുകളും മിക്സ് ചെയ്ത് ഇട്ടു. വാല്യു ചെയ്യാത്ത പേപ്പർതന്നെ വാല്യു ചെയ്ത പേപ്പറിൻെറ കൂട്ടത്തിലിട്ട് യൂണിവേഴ്സിറ്റി ഓഫീസിനകത്തിരുന്ന ജീവനക്കാർ തന്നെ ഒരേ ഫാൾസ് നമ്പർ രണ്ട് കുട്ടികൾക്ക് വീതം കൊടുത്ത് കൃത്രിമങ്ങൾ സൃഷ്ടിച്ചു. അതിൽ എന്നെ ഒന്നാംപ്രതിയെന്നും വൈസ്ചാൻസലർ രണ്ടാം പ്രതിയെന്നും പ്രൊ-വൈസ്ചാൻസലറെ മൂന്നാം പ്രതിയെന്നും നിങ്ങൾ പറഞ്ഞു. ഞാൻ പറയുന്നു, ഈ കാര്യങ്ങൾക്കെല്ലാം പ്രേരണ കൊടുത്ത നിങ്ങളാണ് മി. നായനാർ ഒന്നാം പ്രതി. ഇതുപോലുള്ള ആളുകളെ .. ..(ബഹളം).....
നിങ്ങൾക്ക് കേൾക്കാൻ താല്പര്യമുണ്ടെങ്കിൽ ശ്രീ. നായനാർ പറഞ്ഞ ചില കാര്യങ്ങൾക്ക് കൂടി മറുപടി പറഞ്ഞിട്ട് ഞാൻ അവസാനിപ്പിക്കാം.

.....(ബഹളം).....

ജൂലൈ മാസം ഒന്നാം തീയതി റിസൽട്ട് പബ്ലിഷ് ചെയ്ത അവസരത്തിൽ അന്നുതന്നെ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. എല്ലാ സന്ദർഭങ്ങളിലും നമ്മുടെ യൂണിവേഴ്സിറ്റിയിൽത്തന്നെ The results be should announced later എന്ന് പറഞ്ഞാരു കാറ്റഗറി ഉണ്ടാകാറുണ്ട്. അങ്ങനെ ഉണ്ടായ കാറ്റഗറിയിൽ ജൂലൈമാസം ഒന്നാം തീയതി അനൗൺസ് ചെയ്ത 4767 കുട്ടികളുടെ Results should be anounced later എന്ന് പറഞ്ഞിരുന്നു. അതിനു പുറമെ, വിത്ത്ഹെൽഡ് ചെയ്യുന്ന കുട്ടികളുടെ നമ്പർ അവിടെ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അങ്ങനെ പറഞ്ഞിരുന്ന കുട്ടികളെ മുഴുവൻ തോറ്റ കാറ്റഗറിയിൽ പെടുത്തിക്കൊണ്ട് അവർ ജയിച്ചതായിട്ട് ഒരു പ്രചരണം നടത്തിയത് ഒരിക്കലും ശരിയല്ല. നമ്മുടെ യൂണിവേഴ്സിറ്റിയിൽത്തന്നെ ഇതിന് മുമ്പുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാർ തിരിച്ചുവന്നതിനുശേഷം ഡിഗ്രി പരീക്ഷകളുടെ കറക്ഷൻ നടന്നിട്ടുണ്ട്. ഡിഗ്രി പരീക്ഷയിൽത്തന്നെ കൊടുത്തിരുന്ന മാർക്ക് ലിസ്റ്റുകളെ തിരിച്ച് വിളിച്ചുവരുത്തി നമ്മുടെ യൂണിവേഴ്സിറ്റിയിൽത്തന്നെ കറക്ഷൻ നടത്തിയിരിക്കുന്നു.

സർ, ഏപ്രിൽ 2-ാം തീയതിയാണല്ലോ ഇവിടെ പരീക്ഷകൾ തുടങ്ങിയത്. ആ സന്ദർഭത്തിൽ പരീക്ഷയുമായി ബന്ധപ്പെട്ട് എസ്. ബി. കോളേജിൽ നടന്ന ഒരു സംഭവം ഞാൻ പറയാം. എസ്. ബി. കോളേജിൽ ഹാൾ ടിക്കറ്റ് അയച്ചുകൊടുക്കുവാൻ യൂണിവേഴ്സിറ്റിയെക്കൊണ്ട് കഴിഞ്ഞില്ല. ആ സന്ദർഭത്തിൽ ഇവിടെനിന്നും യൂണിവേഴ്സിറ്റി എസ്. ബി. കോളേജിലെ പ്രിൻസിപ്പാളിനെ അറിയിച്ചത്, ഫാദർ തന്നെ നമ്പർ നിശ്ചയിച്ച് കൊടുക്കുകയെന്നാണ്. അത് സമരത്തിന് മുമ്പ് നടന്ന സംഭവമാണ്. നമ്മുടെ യൂണിവേഴ്സിറ്റിയിൽ ഇങ്ങനെയുള്ള കാര്യങ്ങൾ പരീക്ഷാ സംബന്ധമായി നടന്നുകൊണ്ടിരിക്കുന്നു. അതിന് ശാശ്വതമായ പരിഹാരം ഉണ്ടാകണം. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു, ജുഡീഷ്യൽ അന്വേഷണം നടത്താൻ പോകുന്നുവെന്ന് കേൾക്കുന്നു എന്ന്. അങ്ങയോട് ഞാൻ ഒന്ന് ചോദിക്കട്ടെ, 1980-81, 1982 കാലഘട്ടത്തിലാണ് ഇവിടെ മാർക്ക് തട്ടിപ്പ് നടന്നത്. അന്ന് ഏറ്റവും സജീവമായി വന്ന ഒരു ആവശ്യം എന്ന് പറയുന്നത് ഇത് സംബന്ധിച്ചുള്ള കാര്യങ്ങൾ ഒരു ജുഡീഷ്യൽ എൻക്വയറിക്ക് വിധേയമാക്കണമെന്നുള്ളതായിരുന്നു. അന്നും സിൻഡിക്കേറ്റ് ഉണ്ടായിരുന്നു. സിൻഡിക്കേറ്റിലെ സബ് കമ്മിറ്റിയോ സിൻഡിക്കേറ്റോ അന്വേഷിച്ചാൽ പോര ഇതിനെ കൃത്രിമങ്ങളും കുഴപ്പങ്ങളും ബഹുജന മദ്ധ്യത്തിൽ കൊണ്ടുവരാൻ ഏറ്റവും ആവശ്യമായ നിലപാട് എം. വി. മേനോൻ കമ്മീഷനെ നിയമിക്കുകയാണെന്ന് അങ്ങ് തന്നെ തീരുമാനമെടുത്തിട്ടുണ്ട്. അങ്ങ് ആ കാര്യം വിസ്മരിക്കരുത്. മൂന്ന് യൂണിവേഴ്സിറ്റികളിലും ഒരേ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് റിസൾട്ട് പബ്ലിഷ് ചെയ്തപ്പോൾ കേരള യൂണിവേഴ്സിറ്റിയിൽ മാത്രമായി കേന്ദ്രീകരിച്ച് നടന്നിരിക്കുന്ന കുഴപ്പങ്ങളെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ എൻക്വയറി നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഒരു ജുഡീഷ്യൽ എൻക്വയറി വഴി ഇവിടെ കാര്യങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ കഴിയും. എനിക്ക് മറ്റൊരു കാര്യം പറയുവാനുള്ളത്, ശ്രീ. എം. വി. രാഘവൻ തങ്കമണിയെ തട്ടിക്കൊണ്ട് പുറത്ത് പോയപ്പോൾ പ്രീ-ഡിഗ്രിയുമായി നിങ്ങൾ അകത്ത് വന്നുള്ള ഈ അഭ്യാസം വേണ്ട എന്ന് മാത്രമാണ്. ഇത്രയുമാണ് എനിക്ക് പറയുവാനുള്ളത്.

....(ബഹളം)....

ശ്രീ. ഇ. കെ. നായനാർ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് തികഞ്ഞ സത്യവിരുദ്ധമാണ്. ഇത് ഞങ്ങൾക്ക് സ്വീകാര്യമല്ല. മന്ത്രി രാജി വച്ച് പുറത്ത് പോകുകയല്ലാതെ ഈ മറുപടി ഞങ്ങൾക്ക് സ്വീകാര്യമല്ല. മന്ത്രി രാജി വയ്ക്കുകയാണ് വേണ്ടത്. അതുകൊണ്ട് ഞങ്ങൾ പ്രൊട്ടസ്റ്റ് ചെയ്തു ഇവിടെനിന്ന് മുദ്രാവാക്യം വിളിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബഹളം)

ശ്രീ. കെ. പി. പ്രഭാകരൻ : ആയിരക്കണക്കിന് വിദ്യാർത്ഥികളെ തെരുവിലിറക്കിയിട്ട് പ്രതിപക്ഷത്തെ കുറ്റം ചാരുന്ന ഈ നടപടിയെ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ് : ഒരു മന്ത്രിയുടെ തോന്ന്യാസം കൊണ്ട് സംഭവിച്ച ഇത്രയും ഗുരുതരമായ പരീക്ഷാക്രമക്കേട് ഇരുപതിനായിരം

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ ഭാവി അപകടപ്പെടുത്തിയിരിക്കുകയാണ്. കേരള സർവ്വകലാശാലയുടെ അന്തസ് ഇടിച്ചിരിക്കുന്നു. ഈ മന്ത്രിയുടെ തോന്ന്യാസവും പിടിവാശിയുമാണ് ഇതിന് കാരണം. അതുകൊണ്ട് ഞങ്ങൾ ഇതിനെ പ്രതിഷേധിക്കുന്നു.

ശ്രീ. ബേബി ജോൺ : ഈ പ്രശ്നം ഗൗരവമായി എടുക്കുന്നില്ലെന്നത് ഖേദകരമാണ്. വിദ്യാഭ്യാസ മന്ത്രി പറഞ്ഞുനിറുത്തിയത് എത്ര മോശമാണെന്ന് ഞങ്ങൾ ആലോചിക്കുകയാണ്. ഇന്നലെയും ഹൈക്കോടതിയിൽ പരീക്ഷാകൺട്രോളർ കൊടുത്തിരിക്കുന്ന കണക്ക് എന്താണ് ? ഇനിയും പരിശോധിക്കാത്ത എത്രയോ ഉത്തരക്കടലാസ്സുകളുണ്ട്. മലയാള മനോരമ പത്രത്തിൽ വന്നിരിക്കുന്നത്, 700 പരീക്ഷാഫലങ്ങൾ ഇനിയും പ്രസിദ്ധീകരിക്കുവാനുണ്ട്, 12,000 തോറ്റ വിദ്യാർത്ഥികളുടെ മാർക്ക്ലിസ്റ്റ് ഇനിയും നൽകാനുണ്ട് എന്നാണ്. നവംബർ മാസം അവസാനത്തോടുകൂടി അത് തീർക്കുമെന്നാണ് പറഞ്ഞത്. പരിശോധിക്കാത്ത 600 ഉത്തരക്കടലാസ്സുകൾ കണ്ടെടുത്തിട്ടുണ്ട്. പുനപരിശോധനയ്ക്കുള്ള 2,500 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇപ്പോഴും സ്ഥിതിഗതികൾ നേരെയായിട്ടില്ല എന്ന് കൺട്രോളർ സത്യവാങ്മൂലത്തിൽ പറഞ്ഞു. എന്നിട്ടും മന്ത്രി പറയുന്നത് എല്ലാം ശരിയായി എന്നാണ്. ഉത്തരവാദിത്വമുള്ള ഒരു മന്ത്രി ഇങ്ങനെയാണോ മറുപടി പറയേണ്ടത് ? അതുകൊണ്ടാണ് ഞങ്ങൾ പ്രതിഷേധിക്കുന്നത്. ഈ മന്ത്രി രാജി വച്ചുകൊണ്ട് വേണ്ട അന്വേഷണം നടത്തുകയാണ് വേണ്ടത്. അല്ലാതെയുള്ള യാതൊരു നടപടിയും ഞങ്ങൾക്ക് സ്വീകാര്യമല്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, വളരെയധികം ധിക്കാരത്തോടുകൂടി സ്വാർത്ഥാധിപത്യപരമായി പ്രീഡിഗ്രി തീരുമാനം അസമയത്തും അനവസരത്തിലും എടുത്തതിന്റെ ഫലമായിട്ടാണ് ഈ ബുദ്ധിമുട്ടുകളെല്ലാം ഇവിടെ ഉണ്ടായത്. അതിന് രാഷ്ട്രീയമായ കാരണങ്ങൾ കണ്ടുപിടിച്ചുകൊണ്ട് പ്രതിപക്ഷത്തിന്റെമേൽ അതിന്റെയെല്ലാം ചുമതല ഏല്പിക്കുവാനായി ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചത് ഏറ്റവും ഖേദകരമാണ്. ജുഡീഷ്യൽ അന്വേഷണം പ്രയോജനപ്പെടുകയില്ല. ജുഡീഷ്യൽ അന്വേഷണം കൊണ്ട് ഒരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി രാജി വച്ച് പുറത്ത് പോകുകയല്ലാതെ ഇതിന് യാതൊരു പരിഹാരവുമില്ല. അതിനാൽ ഞങ്ങളും മറ്റ് കക്ഷി നേതാക്കൻമാരോടൊപ്പം അവരുടെ പ്രവർത്തനത്തിൽ ചേരുകയാണ്.

പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് ഡയസ്സിനു മുമ്പിലുള്ള ഭാഗത്തേക്ക് നീങ്ങുകയും ധർണ നടത്തുകയും ചെയ്തു.

.....(ബഹളം).....

മി. സ്പീക്കർ : സഭാനടപടികൾ ഈ നിലയിൽ മുന്നോട്ട് കൊണ്ടുപോകുന്നത് വളരെ പ്രയാസമുള്ള കാര്യമാണല്ലോ ? ഏതായാലും സഭയ്ക്കകത്ത് ഇങ്ങനെ ഒരു ധർണ വരുന്നത് വളരെ പ്രയാസകരമാണ്. ബഹുമാനപ്പെട്ട കക്ഷിനേതാക്കൻമാരുമായി സംസാരിച്ച് സഭാനടപടികൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമോയെന്ന് ഒരു ശ്രമം നടത്തുകയാണ്. അതുകൊണ്ട് അല്പ സമയത്തേക്ക് സഭാനടപടികൾ നിറുത്തിവയ്ക്കുകയാണ്.

(10.45-ന് സഭാനടപടികൾ താൽക്കാലികമായി നിറുത്തിവയ്ക്കുകയും 11.03-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സഭ സമ്മേളിക്കുകയും ചെയ്തു.)

LIBRARY ARCHIVES Kerala Legislative Assembly